Prot.No. MPL  01/2014

# <u>ഇടയലേഖനം</u>

ഓസ്ട്രേലിയായിലെ സീറോ മലബാർ വിശ്വാസികൾക്കു വേണ്ടിയുള്ള മെൽബൺ രൂപതയുടെ മെത്രാനും ന്യൂസിലാൻഡിനു വേണ്ടിയുള്ള അപ്പസ്തോലിക വിസിറ്ററുമായ ബോസ്കോ പുത്തൂർ സഹപ്രവർത്തകരായ വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷക്കായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിനും വേണ്ടി എഴുതുന്ന ഇടയലേഖനം.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.

2014 മാർച്ച് 25–ാം തിയതിയാണല്ലോ ഓസ്ട്രേലിയായിലെ സീറോ മലബാർ വിശ്വാസികൾക്കായുള്ള നമ്മുടെ രൂപത ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ടതും എന്നെ അതിന്റെ പ്രഥമ മെത്രാനായി ചുമതലയേല്പിച്ചതും. അതിമനോഹരമായ അന്നത്തെ തിരുക്കർമ്മങ്ങളിൽ ഓസ്ട്രേലിയായിൽ നിന്നും ന്യൂസിലാൻഡിൽ നിന്നും ഇന്ത്യയിൽനിന്നുമുള്ള നിരവധി പിതാക്കന്മാർ പങ്കെടുത്തിരുന്നല്ലൊ. അതുപോലെ ഓസ്ട്രേലിയായിലെയും ന്യൂസിലാൻഡിലെയും നമ്മുടെ വിശ്വാസീസമൂഹങ്ങളിൽ നിന്ന് ധാരാളം വൈദികരും അത്മായ പ്രതിനിധികളും പങ്കെടുത്തിരുന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. അന്നത്തെ പരിപാടികൾക്ക് നേതൃത്വം കൊടുക്കുകയും സംഘടിപ്പിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി അറിയിക്കുന്നു.

നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥ ദൈവമാതാവായ പരിശുദ്ധ കന്യകാ മറിയമാണ്. അമ്മയുടെ മാതൃ സാന്നിധ്യത്തിൽ ദൈവരാജ്യ നിർമ്മിതിയ്ക്കായ് ഒത്തൊരുമയോടെ മുന്നേറാം.

‘‘ എന്റെ കർത്താവേ, എന്റെ ദൈവമേ ’’ എന്ന് തന്റെ വിശ്വാസം ഏറ്റു പറഞ്ഞ തോമാ ശ്ലീഹായുടെ മക്കളായ നമുക്ക് ഉത്ഥിതനായ മിശിഹായിലുള്ള നമ്മുടെ വിശ്വാസം ഈ മണ്ണിൽ ഏറ്റുപറയാം. അതിന് വ്യക്തിപരവും സംഘടിതവുമായ ശക്തിയും പ്രചോദനവും നേതൃത്വവും നല്കുന്നതിനാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നമുക്ക് രൂപതാ സംവിധാനം അനുവദിച്ചു തന്നിരിക്കുന്നത്. പരിശുദ്ധ പിതാവിന്റെ

ഈ തീരുമാനത്തിന് കളമൊരുക്കിയ പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തെയും സീറോ മലബാർ സിനഡിനെയും മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ ജോർജ്ജ് ആലഞ്ചേരി പിതാവിനെയും ഈ സംരംഭത്തിൽ പിന്തുണ നല്കിയ ഓസ്ട്രേലിയ-ന്യൂസിലാൻഡ് പിതാക്കന്മാരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

നമ്മുടെ രൂപത തീർത്തും ശൈശവ ദശയിലാണല്ലൊ. നമുക്കിതുവരെ ഇടവകളോ പള്ളികളൊ മറ്റു സംവിധാനങ്ങളോ ഇല്ല. ആദ്യമായി നാം മുൻഗണന നല്കേണ്ടത് സാധിക്കുന്നത്ര എല്ലാ സ്ഥലങ്ങളിലും നമ്മുടെ വിശ്വാസീസമൂഹങ്ങളെ സംഘടിപ്പിച്ച് ആരാധനാ സമുഹങ്ങളും ഇടവകളുമായി രൂപപ്പെടുത്തുകയാണ്. എല്ലാ ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും സഭാമക്കൾക്ക് നമ്മുടെ സഭയുടെ പൗരസ്ത്യ പാരമ്പര്യങ്ങൾക്കും നമ്മുടെ പൂർവ്വികർ നമുക്ക് കൈമാറിയിട്ടുള്ള രീതികൾക്കുമനുസരിച്ച് കുർബാനയും മറ്റു കൂദാശ പരികർമ്മങ്ങളും സാധ്യമാക്കണം. അതുപോലെ നമ്മുടെ മക്കൾക്ക് കൃത്യമായും ചിട്ടയായും വിശ്വാസ പരിശീലനം നല്കാൻ പറ്റുന്ന സംവിധാനങ്ങളും ഉടനടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ പള്ളികളും സംവിധാനങ്ങളും ആരംഭത്തിലെങ്കിലും ഇവിടെയുള്ള രൂപതകളുടെയും ഇടവകകളുടെയും സഹായത്തോടും സഹകരണത്തോടും കൂടി മാത്രമേ നമുക്കു കണ്ടെത്താനാകൂ. മെയ് മാസത്തിൽ നടന്ന ഓസ്ട്രേലിയൻ ബിഷപ്സ് കോൺഫറൻസിൽ ഇവിടത്തെ പിതാക്കന്മാർ അവരുടെ സഹായം വാഗ്ദാനം ചെയ്തത് നമുക്ക് വലിയ പ്രോത്സാഹനമാണ്. പട്ടണങ്ങളിലെ വലിയ സമൂഹങ്ങളിൽ മാത്രമല്ല, ഉൾപ്രദേശങ്ങളിലെ ചെറിയ സമൂഹങ്ങളിലും നമ്മുടെ സഭയുടെ പഠനങ്ങൾക്കും പാരമ്പര്യങ്ങൾക്കുമനുസരിച്ച് അജപാലന ശുശ്രൂഷക്കുള്ള സാഹചര്യങ്ങൾ ഒരുക്കേണ്ടത് നമ്മുടെ രൂപതയുടെ വലിയ ഉത്തരവാദിത്തമാണ്.

മെൽബണിൽ മിക്കലെം പ്രദേശത്ത് നമ്മുടെ സമൂഹം വാങ്ങിയിരിക്കുന്ന സ്ഥലത്ത് രൂപതയിലെ ആദ്യത്തെ ഇടവക ദൈവാലയം നിർമ്മിക്കുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. വിശുദ്ധ അൽഫോൻസയുടെ നാമത്തിലുള്ള ഈ പള്ളിയായിരിക്കും നമ്മുടെ രൂപതയുടെ കത്തീഡ്രൽ. രൂപതയുടെ മാതൃ ദൈവാലയത്തിന്റെ നിർമ്മാണ ചിലവിലേക്ക് നമ്മുടെ എല്ലാ സമൂഹങ്ങളുടെയും വ്യക്തികളുടെയും ഉദാരമായ സംഭാവന പ്രതീക്ഷിക്കുന്നുണ്ട്.

നമ്മുടെ ഇടവക സമൂഹങ്ങളിൽ ആത്മീയ നേതൃത്വം കൊടുക്കുവാൻ ധാരാളം വൈദികരെ നമുക്കാവാശ്യമുണ്ട്. അജപാലന ശുശ്രൂഷക്കായി എത്തുന്ന വൈദികരെ സ്വീകരിക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കാൻ നമ്മുടെ സമൂഹങ്ങൾ തയ്യാറാകുമെന്ന് എനിക്കു വിശ്വാസമുണ്ട്. വികാരിയായി ഒരു വൈദികനെ സ്വീകരിക്കാൻ സജ്ജീകരണങ്ങൾ തയ്യാറാക്കി, ഞായറാഴ്ചകളിലെങ്കിലും വിശുദ്ധ കുർബാന അർപ്പിക്കാനും മതബോധനം സംഘടിപ്പിക്കാനും സന്നദ്ധമാകുന്ന വിശ്വാസീസമൂഹങ്ങളെ ഇടവകകളായി പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. കഴിയുന്നത്ര നമ്മുടെ സമൂഹങ്ങൾ അതിനു സജ്ജരായി മുന്നോട്ട് വരണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

രൂപതക്കാവശ്യമായ നയ്യാമികഘടനകൾക്ക് നാം രൂപം കൊടുക്കേണ്ടിയിരിക്കുന്നു. വൈദികഗണം, വൈദികസമിതി, ആലോചനസമിതി,പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്. രൂപതാ ആലോചനസമിതിക്ക് ഇതിനകം രൂപം കൊടുത്ത കാര്യം നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. മറ്റു സമിതികൾ സമീപ ഭാവിയിൽ രൂപം കൊള്ളുന്നതാണ്.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പ്രവാസ ജീവിതത്തിന്റെ കഷ്ടപ്പാടുകളിലും പിരിമുറുക്കത്തിലും കർത്താവാണ് നമ്മുടെ ഇടയൻ എന്ന ആശ്വാസകരമായ വചന സന്ദേശം നമുക്ക് മറക്കാതിരിക്കാം. തികച്ചും വ്യത്യസ്തമായ സംസ്കാരത്തിലും സാഹചര്യത്തിലും ഉണ്ടാകുന്ന ജീവിത വ്യഗ്രതയിൽ നമ്മുടെ മാതൃ സഭയോടുള്ള സ്നേഹത്തിലും കൂട്ടായ്മയിലും വളരാൻ നിങ്ങൾ കാണിക്കുന്ന തീക്ഷ്ണത ശ്ലാഘനീയമാണ്. ചെറുതും വലുതുമായ നമ്മുടെ വിശ്വാസീസമൂഹങ്ങളെ വൈദികർ എത്തുന്നതിനു മുമ്പു തന്നെ വളർത്തിക്കൊണ്ടുവരാൻ നേതൃത്വം കൊടുത്ത ട്രസ്റ്റിമാർ,കമ്മറ്റിക്കാർ, മതാദ്ധ്യാപകർ മുതലായ എല്ലാ അത്മായ സഹോദരങ്ങൾക്കും എന്റെ അകമഴിഞ്ഞ നന്ദിയും അഭിനന്ദനവും.

നമ്മുടെ കുടുംബവും മക്കളും ദൈവം നമുക്കു നല്കിയ വലിയ ദാനമാണെന്ന് ഓർത്തുകൊണ്ട് നമ്മുടെ കുടുംബങ്ങളെ നസറത്തിലെ തിരുക്കുടുംബം പോലെ ദൈവസ്നേഹത്തിന്റെയും കുടുംബപ്രാത്ഥനയുടെയും വിളനിലമായി പരിപോഷിപ്പിക്കാൻ നമുക്ക് ശ്രമിക്കാം. പരസ്പരം പ്രോത്സാഹിപ്പിച്ചു വിശ്വാസത്തിൽ മുന്നേറാൻ കുടുംബകൂട്ടായ്മകൾ ഏറ്റവും നല്ല മാർഗ്ഗമാണെന്ന് മനസ്സിലാക്കി 20–25 കുടുംബങ്ങളുള്ള യൂണിറ്റുകളാക്കി അവ കൂടുതൽ സജീവമാക്കാൻ നമുക്ക് ശ്രമിക്കാം.

യുവജനങ്ങളാണ് നമ്മുടെ ഭാവി. യുവജന അജപാലന ശുശ്രൂഷ നമ്മുടെ രൂപതയുടെ പ്രവർത്തനങ്ങളിൽ പ്രമുഖസ്ഥാനത്തുണ്ടായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു.

രൂപത ഉണ്ടാകുന്നതിനു മുമ്പ് വളരെ ത്യാഗം സഹിച്ച് നമ്മുടെ സമൂഹങ്ങൾക്ക് അജപാലന ശുശ്രൂഷ ചെയ്തു കൊണ്ടിരുന്ന എല്ലാ ബഹുമാനപ്പെട്ട വൈദികരെയും നന്ദിയോടെ ഓർക്കുന്നു. അവരിൽ സന്യാസ വൈദികരും രൂപതാവൈദികരുമുണ്ട്. അവരെ ഇതിന് അനുവദിച്ച അധികാരികളെ നന്ദിയോടെ അനുസ്മരിക്കുന്നതോടൊപ്പം തുടർന്നും അവരുടെ സഹായം അഭ്യർത്ഥിക്കുന്നു

നമ്മുടെ രൂപതയ്ക്ക് സ്വന്തമായ വൈദികഗണത്തെ രൂപ പ്പെടുത്തിയെടുക്കേണ്ട വലിയ ഉത്തരവാദിത്തം നമുക്കുണ്ട്. നമ്മുടെ മക്കളിൽ നിന്നു തന്നെ വൈദിക-സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കാൻ കുടുംബങ്ങളെയും മാതാപിതാക്കളെയും യുവജനങ്ങളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. വൈദികപട്ടത്തിന് നീണ്ട കാലഘട്ടത്തെ പരിശീലനം ആവശ്യമാണല്ലൊ. ഇക്കൊല്ലം മുതൽ നമ്മുടെ രൂപതക്കായി വൈദിക വിദ്യാർത്ഥികളെ കണ്ടെത്തി 12 പേരെ തെരഞ്ഞെടുത്ത് കേരളത്തിലെ മൈനർ സെമിനാരികളിൽ പരിശീലനം ആരംഭിച്ചു

കഴിഞ്ഞിരിക്കുന്നു. അവർക്കായി നമ്മുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും ആവശ്യമാണ്. നമ്മുടെ രൂപതക്കായുള്ള വൈദികാർത്ഥികളെ സ്പോൺസർ ചെയ്യാൻ നിങ്ങൾ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജൂലായ് 3- ദുക്റാന തിരുന്നാൾ ദിവസമാണ് സീറോ മലബാർ സഭാദിനമായി ആചരിക്കുന്നത്. എല്ലാ ഇടവകകളിലും സമൂഹങ്ങളിലും ഇതു സമുചിതമായി ആചരിക്കാൻ നാം മുൻകയ്യെടുക്കണം. അന്ന് സഭക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ സഭയിലെ വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിൽ നല്ലവനായ ദൈവത്തിനു നമുക്കു നന്ദി പറയാം. ഈ വരുന്ന നവംബർ 23, ക്രിസ്തുരാജ തിരുന്നാൾ ദിവസമാണല്ലോ നാമകരണ തിരുക്കർമ്മങ്ങൾ റോമിൽ നടക്കുന്നത്. അന്നേ ദിവസം നമ്മുടെ സമൂഹങ്ങളിൽ അത് സമുചിതമായി ആചരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

നിങ്ങളുടെ പ്രാർത്ഥനയിൽ രൂപതയെയും എന്നെയും മറക്കരുതേ!!.

എല്ലാവർക്കും ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ  നേർന്നു കൊണ്ട്,

നിങ്ങളുടെ വത്സല പിതാവ്,

**+ ബോസ്കോ പുത്തൂർ**

രൂപതാ കാര്യാലയത്തിൽ നിന്ന്

2014 ജൂൺ 13

NB: ഈ ഇടയലേഖനം ജൂലൈ 6-ാം തിയതിയോ, അതിനു മുമ്പുള്ള ഏതെങ്കിലും ഞായറാഴ്ചയോ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.